(ബി) കഞ്ചാവ്, മറ്റ് മയക്കു മരുന്നുകൾ, പുകയില ഉല്പന്നങ്ങൾ എന്നിവ ഈ വ്യവസ്ഥകളിൽ ഉൾപ്പെടുന്നുണ്ടോയെന്ന വെളിപ്പെടുത്തുമോ ;

(സി) ഇതുസംബന്ധിച്ച നിർദ്ദേശം നല്കിയ ശേഷം, പെരുമാറ്റചട്ടമോ, നിർദ്ദേശമോ ലംഘിച്ചതിന്റെ പേരിൽ ആർക്കെങ്കിലുമെതിരെ നടപടി എടുത്തിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നല്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഓഫീസ് പ്രവൃത്തി സമയത്തും കർത്തവ്യ നിർവ്വഹണ അവസരങ്ങളിലും പുകവലി, മദ്യപാനം, ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കൽ എന്നിവയിൽ ഏർപ്പെടുന്ന ജീവനക്കാർക്കെതിരെ 1960-ലെ KCS(CC&A) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ചുകൊണ്ട് വാഹനം ഓടിക്കുന്ന സർക്കാർ ജീവനക്കാർക്കെതിരെയും കർശന നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ലഹരി പദാർത്ഥങ്ങളെല്ലാം ഈ വ്യവസ്ഥകളിൽ ഉൾപ്പെടുന്നുണ്ട്.

(സി) നിർദ്ദേശം ലംഘിച്ചതിന്റെ പേരിൽ ആർക്കെങ്കിലുമെതിരെ നടപടി എടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വോൾവോ എ.സി. ബസ്സുകളുടെ സേവനം

21 (*171) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദീർഘദൂര സർവ്വീസുകളിൽ എ.സി. ബസ്സുകളുടെ സേവനം എത്ര മാത്രം പ്രയോജനപ്പെടുത്താൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) വോൾവോ ബസ്സുകളുടെ സർവ്വീസ് വർദ്ധിച്ചതുവഴി കോർപ്പറേഷന്റെ വരുമാനത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തൊട്ടാകെ ദീർഘദൂര സർവ്വീസുകൾക്ക് വോൾവോ എ.സി. ബസ്സുകളുടെ സേവനം കൂടുതലായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രധാന ദീർഘദൂര സർവ്വീസായ ബെംഗളൂരു സർവ്വീസിനാണ് നിലവിൽ 10 മൾട്ടി ആക്സിൽ എ.സി. ബസുകൾ ഉൾപ്പെടെ 13 വോൾവോ എ.സി. ബസുകൾ ഉപയോഗിച്ചുവരുന്നത്. യാത്രക്കാർക്ക് സുഖകരമായ യാത്ര പ്രദാനം ചെയ്യുവാൻ ഈ ബസുകൾക്ക് കഴിയുന്നു. ഓൺലൈൻ റിസർവ്വേഷൻ ഏർപ്പെടുത്തിയിട്ടുള്ളത് യാത്രക്കാർക്ക് ഏറെ പ്രയോജനപ്രദമാണെന്നും കരുതുന്നു.

(ബി) വോൾവോ ബസുകളുടെ സർവ്വീസും കോർപ്പറേഷന്റെ വരുമാന വർദ്ധനയ്ക്ക് ഒരു കാരണമായി തീർന്നിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ സബ്സിഡിയറി കോർപ്പറേഷനായ കെ.യു.ആർ.ടി.സി. ആദ്യഘട്ട JnNURM പദ്ധതിപ്രകാരം ലഭ്യമായ 80 ലോ ഫ്ലോർ വോൾവോ എ.സി. ബസുകളിൽ 14 എണ്ണം ദീർഘദൂര സർവ്വീസുകൾ നടത്തുന്നതിന് ഉപയോഗിക്കുന്നുണ്ട്. JnNURM രണ്ടാംഘട്ട പദ്ധതി പ്രകാരം 110 ലോ ഫ്ലോർ വോൾവോ എ.സി. ബസുകൾക്ക് ഓർഡർ നൽകിയതിൽ നിരത്തിലിറക്കിയ 75 ബസുകളിൽ 48 എണ്ണം ദീർഘദൂര സർവ്വീസുകൾക്ക് ഉപയോഗിച്ചുവരുന്നു. ശേഷിച്ച 35 ബസുകൾ കൂടി ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ എണ്ണം ദീർഘദൂര സർവ്വീസുകൾക്ക് ഉപയോഗിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

അമിതവേഗത്തിൽ സഞ്ചരിക്കുന്ന വാഹനങ്ങൾക്കെതിരെ നടപടി

22 (*172) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈവേകളിൽ അമിത വേഗത്തിൽ സഞ്ചരിക്കുന്ന വാഹനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പിഴ അടയ്ക്കാത്ത വാഹന ഉടമകൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാറുള്ളത് ;

(സി) ക്യാമറയുടെ പരിധിയിലെത്തുമ്പോൾ വേഗം കുറയ്ക്കുകയും , പരിധിയിലല്ലാത്തപ്പോൾ അമിത വേഗത്തിൽ പായുകയും ചെയ്യുന്ന വാഹനങ്ങളുടെ കാര്യത്തിൽ എന്തു മാർഗ്ഗം സ്വീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly